# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*119

31/10/2019 ൽ മറുപടിക്ക്

## വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സംവിധാനത്തിലെ പാളിച്ചകൾ

**ചോദ്യം**
**ശ്രീ.പി.ജെ.ജോസഫ്**
**,, റോഷി അഗസ്റ്റിൻ**
**,, മോൻസ് ജോസഫ്**
**ഡോ.എൻ. ജയരാജ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിവരശേഖരണം പൂർണ്ണമാകാത്തതും ഓൺലൈൻ സാങ്കേതികപ്രശ്നങ്ങളും എഴുതി നൽകാൻ രസീതില്ലാത്തതും വില്ലേജ് ഓഫീസുകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1645 വില്ലേജുകളിൽ ഓൺലൈൻ മുഖേനയും 4 വില്ലേജുകളിൽ ഓഫ് ലൈൻ മുഖേനയും ഭൂനികുതി അടവാക്കാൻ കഴിയുന്നതാണ്. എന്നാൽ ഓൺലൈനിൽ ഡാറ്റാ ലഭ്യമല്ല എന്ന കാരണത്താൽ പ്രസ്തുത വ്യക്തിയുടെ ഭൂനികുതി അടവാക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല. ഇത്തരം സംഗതികളിൽ മുൻകാലങ്ങളിൽ ചെയ്തുവരുന്നതു പോലെ വില്ലേജാഫീസിൽ നേരിട്ട് വന്ന് പൊതുജനത്തിന് കരം അടവാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | ഓൺലൈൻ രസീത് മാത്രം ഉപയോഗിക്കണമെന്ന നിർദ്ദേശം കാരണം പല വില്ലേജ് ഓഫീസുകളിലും നടക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി മാന്വൽ രസീതുകൂടി പ്രസ്തുത ഓഫീസുകളിൽ നിന്നും നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | ഓൺലൈൻ രസീത് മാത്രമേ ഉപയോഗിക്കാവൂ എന്ന് യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. ഓൺലൈനായി രസീത് നൽകുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നേരിട്ടാൽ പൊതു ജനത്തിന് മാന്വൽ രസീത് നൽകുകയും ആയത് അന്നേദിവസം തന്നെ മാന്വൽ ആയി |

| | | | |
|---|---|---|---|
| | | | നൽകിയ വിവരങ്ങൾ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. |
| (സി) | എല്ലാ വില്ലേജുകളിലും വിവരശേഖരണവും ഇവ ഓൺലൈനാക്കുന്നതും പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ വിവരങ്ങളും തണ്ടപ്പേർ വിവരങ്ങളുമാണ് ഓൺലൈൻ ആക്കുന്നത്. പ്രസ്തുത രജിസ്റ്ററുകൾ വില്ലേജ് ഓഫീസിൽ വച്ച്തന്നെ ഡാറ്റാ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ഡിജിറ്റൈസ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആകെ 1664 വില്ലേജുകളിൽ 1649 വില്ലേജുകളുടെ വിവരങ്ങൾ ഇത്തരത്തിൽ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ബാക്കി 15 വില്ലേജുകളിലെ രേഖകൾ കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | സർവ്വേ നമ്പർ പരിശോധിച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്താൽ മതിയെന്ന നിർദ്ദേശം പ്രാവർത്തികമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ഡി) | ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് രജിസ്ട്രേഷൻ വകുപ്പ് മുഖാന്തിരമാണ്. പ്രസ്തുത വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട ആധാരങ്ങൾ ഓൺലൈൻ മുഖാന്തിരം വില്ലേജ് ആഫീസിലേയ്ക്ക് വരികയും പോക്കുവരവ് ചെയ്ത് തണ്ടപ്പേർ പിടിച്ച് നികുതി അടവാക്കുകയുമാണ് ചെയ്യുന്നത്. റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ് വെയറുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ രജിസ്ട്രേഷൻ സമയത്ത് ഓൺലൈനായി സർവ്വെ നമ്പർ പരിശോധിക്കാൻ കഴിയുന്നതാണ്. |
| (ഇ) | ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ കഴിയാതെ നിരവധി രേഖകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യത്തിന് പരിഹാരം കണ്ടെത്തുമോ; എങ്കിൽ വ്യക്തമാക്കാമോ? | | നിലവിൽ സംസ്ഥാനത്തെ 1664 വില്ലേജുകളിലെ 1649 വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡാറ്റാ എൻട്രി ചെയ്തിട്ടുണ്ട്. എങ്കിലും വില്ലേജ് ഓഫീസുകളിലെ പ്രധാനപ്പെട്ട രേഖകളായ ബി.റ്റി.ആർ , തണ്ടപ്പേർ രജിസ്റ്റർ, എ രജിസ്റ്റർ, എഫ്.എം.ബി |

| | | | |
|---|---|---|---|
| | | | എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റലായി സൂക്ഷിക്കുന്നതിന് വകുപ്പ് നിയമപരമായ ടെണ്ടർമുഖേന ഒരു ഏജൻസിയെ (M/s. സ്മാർട്ട് ഐ.ടി സർവ്വീസസ്, കൽക്കട്ട) തിരഞ്ഞെടുത്തിട്ടുള്ളതും ടി ഏജൻസി 01/11/2019 മുതൽ പ്രസ്തുത ജോലി തുടങ്ങുന്നതുമാണ്. |

സെക്ഷൻ ഓഫീസർ